LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

150 (151) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി 31-3-2011 വരെ എത്ര തൊഴിലാളികളുടെ കടബാധ്യത ഒഴിവാക്കിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന 48044 മത്സ്യത്തൊഴിലാളികളുടെ കട ബാധ്യത ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഈ സർകാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത മത്സ്യഫെഡ് മുഖേനയും സഹകരണ വകുപ്പ് മുഖേനയും 38,522 പേർക്ക് 113,93,63,816 രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

വിദേശരാജ്യങ്ങളുടെ മത്സ്യബന്ധനം

151 (152) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആഴക്കടലിൽ നിയമവിരുദ്ധമായി വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) വിദേശരാജ്യങ്ങളുടെ മത്സ്യബന്ധനം മൂലം മത്സ്യ സമ്പത്ത് കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിദേശ ട്രോളറുകളെ നിയന്ത്രിക്കാൻ കഴിയുന്നില്ലെങ്കിൽ അവയ്ക്കൊപ്പം മത്സ്യബന്ധനം നടത്തുന്നതിനായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം നടപ്പാക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഫിഷറീസ് വകപ്പും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും കോസ്റ്റ്ഗാർഡും കടലിൽ ശക്തമായ പട്രോളിംഗ് നടത്തി വിദേശ ട്രോളറുകൾ നടത്തുന്ന അനധികൃത മത്സ്യബന്ധനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)വിദേശ ട്രോളറുകൾക്ക് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് LoP നല്കുന്നത് കേന്ദ്ര സർക്കാരാണ്. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത യാനങ്ങൾ ഉപയോഗിച്ച് ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി ആഴക്കടൽ മത്സ്യബന്ധന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതി വഴി തെരഞ്ഞെടുത്ത പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഗ്രണനിലവാരം നിലനിറുത്തി മത്സ്യം കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനവും, യാന പരിഷ്കരണവും, മത്സ്യബന്ധന അനുബന്ധ ഉപകരണങ്ങളും സൗജന്യമായി നൽകുന്നു. ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിൽ ഉൾപ്പെടുത്തി 584 ഗ്രണഭോക്താക്കൾക്ക് ജി.പി.എസ്. ഇൻസുലേറ്റഡ് ബോക്സ്, ലൈഫ് ജാക്കറ്റ്, അത്യാധുനിക ചൂണ്ടകൾ, കൃത്രിമ സിഗ്നൽ ലൈറ്റ്, ഫ്ലാഗ് എന്നിവ ഉൾപ്പെടുന്ന 55,000 രൂപയുടെ ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മൊറോട്ടോറിയം

152 (153) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മൊറോട്ടോറിയം പ്രഖ്യാപിച്ചിട്ടും ഇവർക്കെതിരെ ബാങ്കുകൾ ജപ്തി നടപടി സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടാശ്വാസത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മൊറട്ടോറിയം നിലനിൽക്കെ ജപ്തി നോട്ടീസ് അയയ്ക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാലുടൻ ബന്ധപ്പെട്ട ബാങ്കുകൾക്ക് കടാശ്വാസ

LIBRARY ARCHIVES Kerala Legislative Assembly